19 JUN 2018

to website

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - മെഡിക്കൽ ഓഫീസർമാരുടെ ടേൺ ഡ്യൂട്ടി -പ്രായ പരിധി ഉയർത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധ)1730 /2018/ആ.കു.വ തീയതി,തിരുവനന്തപുരം 28/05/2018

---

പരാമർശം- 1 സ ഉ (കൈ) 169/17/ ആകുവ തീയതി 26.11.2017

2. ആരോഗ്യ വകുപ്പ ഡയറക്ടറുടെ 25.01.2018 തീയതിയിലെ ഒ&എം 4-5246/2013/ ആവഡ- നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിനു കീഴിലുള്ള ഡോക്ടർമാരിൽ 50 വയസ് അഥവാ 20 വർഷം സർവ്വീസ് പൂർത്തിയാക്കിയവരെ നിലവിൽ ടേൺ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പരാമർശം(1) ലെ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 56 വയസിൽ നിന്നും 60 വയസാക്കി ഉയർത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്തുകയും ടേൺഡ്യൂട്ടി ഒഴിവാക്കിനൽകുന്ന പ്രായപരിധിയിൽ മാറ്റമില്ലാതെയിരിക്കുകയും ചെയ്യുന്നത് ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവത്തിന് കാരണമാകുകയും, ആശുപത്രികളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുന്നതിനാൽ ഡോക്ടർമാർക്ക് ടേൺഡ്യൂട്ടി ഒഴിവാക്കി നൽകുന്നതിനുള്ള പ്രായപരിധി '50 വയസ് അഥവാ 20 വർഷം സർവ്വീസ് എന്നത് 55 വയസ് അഥവാ 25 വർഷം സർവ്വീസ് എന്നാക്കി മാറ്റണമെന്ന് ആരോഗ്യ വകുപ്പ്ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ്ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചുകൊണ്ട്, ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് ടേൺഡ്യൂട്ടി ഒഴിവാക്കി നൽകുന്നതിനുള്ള പ്രായപരിധി 50 വയസ് അഥവാ 20 വർഷം സർവ്വീസ് എന്നത് 55 വയസ് അഥവാ 25 വർഷം സർവ്വീസ് എന്ന് ഭേദഗതി ചെയ്തു കൊണ്ട് ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം

, സരിത.ഡി,

ഡെപ്യൂട്ടി സെക്രട്ടറി.

ആരോഗ്യ വകുപ്പ ഡയറക്ടർ,തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (എല്ലാ ജില്ലകളും )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ),കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്),കേരള,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ